(ബി) റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തുവച്ചിട്ടുണ്ട്.

(സി) & (ഡി) കമ്മീഷന്റെ ശുപാർശകളെ സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കേണ്ടതുണ്ട്.

റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

40 [621] *ശ്രീ. എ. സുജനപാൽ:*

,, *ജി. കാർത്തികേയൻ:*

,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ എത്ര റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണിയാണ് ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏറ്റെടുത്തത്;

(ബി) ഇവയുടെ പണി കരാറനുസരിച്ച് എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത്;

(സി) ഇവയുടെ പണി പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് പറയുമോ?

ഉത്തരം

(എ) 22 മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏറ്റെടുത്തത്.

(ബി) അനുബന്ധമായി ചേർക്കുന്നു.†

(സി) ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത 22 മേൽപ്പാലങ്ങളിൽ 7 മേൽപ്പാലങ്ങൾ പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. പണി പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ താഴെ ചേർത്തിരിക്കുന്നു:

1. സ്ഥലമെടുപ്പിൽ വന്ന കാലതാമസം.
2. റെയിൽവേയുടെ ഭാഗത്തെ പണികൾ ചെയ്യുന്നതിനുള്ള ഡ്രോയിംഗ് ലഭിക്കാനുള്ള കാലതാമസം.
3. റെയിൽവേ ഭാഗത്തെ സ്ലാബ് ചെയ്യുന്നതിനുള്ള റെയിൽവേയുടെ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കാനുള്ള കാലതാമസം.
4. റെയിൽവേയുടെ ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ വേണ്ടി ട്രെയിനുകളുടെ വേഗതാ നിയന്ത്രണത്തിനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസം.

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II

[11-7-2005 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 40 (621) ദയവായി കാണുക]

		പൂർത്തിയാക്കേണ്ടിയിരുന്ന ദിവസം
1.	കളമശ്ശേരി	നവംബർ 23, 2002
2.	പുല്ലേപ്പടി	ഡിസംബർ 18, 2002
3.	കൊരട്ടി	നവംബർ 23, 2002
4.	പാലക്കുടി	നവംബർ 5, 2002
5.	കല്ലേറ്റുംകര	ജൂലൈ 19, 2002
6.	മുണ്ടൂർ റോഡ്	സെപ്റ്റംബർ 28, 2002
7.	അത്താണി	മേയ് 10, 2003
8.	പാലക്കാട് ടൗൺ	ഡിസംബർ 18, 2002
9.	വിക്ടോറിയ കോളേജ് റോഡ്	ഡിസംബർ 18, 2002
10.	കടുക്കാംകുന്ന്	ഡിസംബർ 18, 2002
11.	വെങ്ങളം	മേയ് 22, 2002
12.	ചെങ്കോട്ടുകാവ്	നവംബർ 23, 2002
13.	നന്തി	നവംബർ 23, 2002
14.	മുഴുപ്പിലങ്ങാട്	നവംബർ 1, 2003
15.	ബേക്കൽ	മേയ് 2, 2003

LIBRARY ARCHIVES Kerala Legislative Assembly